01
ജനുവരി
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## ഒരാഴ്ചയിൽ മൂന്നിൽ കൂടുതൽ ഹർത്താൽ പാടില്ല

# പുതിയ നിയമം വരുന്നു

**ന്യൂജംഗ്ൾ:** ഇനി മുതൽ തോന്നുമ്പോൾ ഹർത്താൽ പ്രഖ്യാപിക്കാൻ കഴിയില്ലെന്നും ഒരാഴ്ചയിൽ മൂന്ന് ദിവസത്തിലധികം ഹർത്താൽ പ്രഖ്യാപിച്ചാൽ ആ പാർട്ടിക്കെതിരെ കോടതിയലക്ഷ്യത്തിന് കേസെടുക്കുമെന്നും ജംഗിൾ ഹൈക്കോർട്ട് പ്രഖ്യാപിച്ചു. കഴിഞ്ഞ ദിവസങ്ങളിലായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് നിരവധി ഹർത്താലുകളാണ്.

ഓരോന്ന് പ്രസംഗിച്ച് മൃഗങ്ങൾക്കിടയിൽ കുത്തിത്തിരിപ്പുണ്ടാക്കുകയും അക്രമത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന ബലൂൺ ജംഗിൾ പാർട്ടി നേതാക്കളെ അറസ്റ്റ് ചെയ്തതിനെ തുടർന്ന് ബലൂൺ ജംഗിൾ പാർട്ടി പ്രഖ്യാപിച്ച ഹർത്താലിൽ വ്യാപക അക്രമങ്ങളാണ് നടന്നത്. നിരവധി ആനവണ്ടികൾ തകർക്കപ്പെട്ടിരുന്നു. നഷ്ടപരിഹാരം നൽകിയാലല്ലാതെ പ്രതികളെ വിട്ടയക്കില്ലെന്ന നിലപാടിലാണ് ഗവൺമെന്റ്. ഇതിനിടയിലാണ് കോടതിവിധി വന്നിരിക്കുന്നത്.



*ചിമ്പു അണ്ണാൻ*

ഹർത്താൽ പ്രഖ്യാപിക്കൽ ഓരോ പൗരന്റെയും അവകാശമാണെന്നും അതിനെ ചോദ്യം ചെയ്യാൻ ആർക്കും അധികാരമില്ലെന്നുമാണ് ബലൂൺ പാർട്ടിയുടെ നിലപാട്.

അങ്ങനെയെങ്കിൽ അറസ്റ്റ് ചെയ്യലും ജയിലിലിടക്കലും പോലീസിന്റെയും അവകാശമാണെന്ന് പോലീസ് സുപ്രണ്ട് പത്രസമ്മേളനത്തിൽ പറഞ്ഞു. ഹർത്താൽ തന്നെ നിരോധിക്കുകയാണ് വേണ്ടത് എന്നാണ് ഹർത്താൽ വിരുദ്ധ മുന്നണി പ്രവർത്തകൻ ചിമ്പു അണ്ണാൻ ജംഗിൾ ന്യൂസിനോട് പറഞ്ഞത്.

## പഴഞ്ചൊല്ല് പിൻവലിക്കണം



*ചെമ്പൻ ആന*

**ആനക്കോട്ട:** അടി തെറ്റിയാൽ ആനയും വീഴും എന്ന പഴഞ്ചൊല്ല് ആന വിരുദ്ധമാണെന്നും അതിന്റെ പ്രയോഗത്തിന് വിലക്ക് വേണമെന്നും ചെമ്പൻ ആന. ആന ഐക്യവേദി പ്രസിഡന്റാണ് ചെമ്പൻ. കാലങ്ങളായി ഞങ്ങളെ എല്ലാവരും ഇങ്ങനെ അധിക്ഷേപിക്കുന്നു. അടി തെറ്റിയാൽ ആരും വീഴും. പോത്തും പശുവും ഹിപ്പപ്പൊട്ടാമസും വീഴും. എന്നിട്ടും ഞങ്ങളുടെ പേര് പഴഞ്ചൊല്ലിലേക്ക് വലിച്ചിഴച്ചതിൽ ദുരൂഹതയുണ്ട്. അടി തെറ്റിയാൽ പശുവും വീഴും എന്നെങ്ങാനും നിങ്ങൾ പറഞ്ഞു നോക്കൂ. ബലൂൺ ജംഗിൾ പാർട്ടിക്കാർ ഇവിടെ കലാപമുണ്ടാക്കും. ഞങ്ങൾക്ക് ഞങ്ങളുടെ വലുപ്പം അറിയാത്തതുകൊണ്ടാ ഇത്രയും കാലം ഞങ്ങൾ പാവങ്ങളെ പോലെ മിണ്ടാതിരുന്നത്. ഇനിയും ഈ അവഹേളനം വെച്ചുപൊറുപ്പിക്കാൻ പറ്റില്ല എന്നും തുടർന്നു ചെമ്പൻ.

## കാലാവസ്ഥാ പ്രവചനകേന്ദ്രം അടച്ചുപൂട്ടണം



*മീട്ടു മുയൽ*

**ഓന്തങ്ങാട്:** മഴപെയ്യാൻ സാധ്യതയുണ്ടെന്ന് പറയുന്ന ദിവസങ്ങളിൽ വരൾച്ചയും, മഴ കുറയും എന്ന് നിരീക്ഷിക്കുന്ന ദിവസങ്ങളിൽ പ്രളയവുമാണ് സംഭവിക്കുന്നത്. ആളുകൾക്ക് ആകെ കൺഫ്യൂഷനും വെപ്രാളവും മാത്രം സൃഷ്ടിക്കാനാണ് ഈ കാലാവസ്ഥാ പ്രവചനകേന്ദ്രം കൊണ്ട് സാധ്യമാകുന്നത് എന്നും അത് അടച്ചുപൂട്ടണമെന്നും മൃഗാവകാശ പ്രവർത്തക മീട്ടു മുയൽ. ആളെ പറഞ്ഞു പറ്റിക്കുകയാണ് ഇവർ ചെയ്യുന്നത്. ഇന്ന് വെയിലുണ്ടാകും എന്ന ഇവരുടെ പ്രവചനം കേട്ട് തുണിയെല്ലാം അയലിൽ ഉണക്കാനിട്ടിരുന്നു കഴിഞ്ഞ ദിവസം ഞാൻ. എന്നിട്ട് അമ്മാമന്റെ മോൾടെ കല്യാണത്തിന് പോയി. തിരിച്ചു വന്നപ്പോൾ ഞാൻ കണ്ടത് മഴയത്ത് നനഞ്ഞ് ചീഞ്ഞൊലിച്ച എന്റെ വസ്ത്രങ്ങളുടെ ദാരുണ ദൃശ്യങ്ങളാണ്. ഞാനാകെ തകർന്നുപോയി. അതുകൊണ്ട് ഇനിയും ഇവരുടെ പ്രവചനങ്ങളാൽ ആരും വഞ്ചിതരാകാതിരിക്കാൻ അത് അടച്ചുപൂട്ടുകയല്ലാതെ വഴിയില്ല. പ്രവചന കേന്ദ്രം അടച്ചു പൂട്ടൽ പ്രയാസമാണെങ്കിൽ അവരുടെ വായ അടച്ചു പൂട്ടിയാലും മതി എന്നും പറഞ്ഞു മീട്ടു മുയൽ.

## എന്നെ പോലീസ് പിച്ചിയെന്ന സുരുക്കുറുക്കന്റെ വാദം കള്ളം

**കുറുക്കൻ കാട്:** പ്രകോപനപരമായി പ്രസംഗിച്ചെന്ന കുറ്റത്തിന് അറസ്റ്റു ചെയ്ത ബലൂൺ ജംഗിൾ പാർട്ടി നേതാവ് സുരു പറഞ്ഞതെല്ലാം കള്ളമെന്ന് സി.സി ടിവി ദൃശ്യങ്ങൾ.

തന്നെ പോലീസ് മർദിച്ചെന്നും പിച്ചുകയും തോണ്ടുകയും ചെയ്തെന്നുമായിരുന്നു സുരുക്കുറുക്കൻ കഴിഞ്ഞദിവസം പത്രക്കാരോട് പറഞ്ഞത്. എന്നാൽ സുരുക്കുറുക്കനാണ് പോലീസുകാരെ ആരും കാണാതെ പിച്ചിയത് എന്നതിന്റെ ദൃശ്യങ്ങൾ പോലീസ് പുറത്തുവിടുകയായിരുന്നു.

രാത്രിയിൽ തന്നെ ആക്രമിക്കാൻ പോലീസ് കൊതുകുകളെ നിയോഗിച്ചെന്നും ആരോപിച്ചിരുന്നു സുരുക്കുറുക്കൻ. ഇവർക്കൊക്കെ വേണ്ടത് എന്റെ ചോരയാണെന്നും തന്നെ അങ്ങനെ തളർത്താനൊന്നും പറ്റില്ലെന്നും താൻ ഉയിർത്തെഴുന്നേൽക്കുമെന്നുമൊക്കെ പത്രസമ്മേളനത്തിൽ സുരു പറഞ്ഞിരുന്നു.



*സുരുക്കുറുക്കൻ*

എന്നാൽ ജയിലിൽ കൊതുകുവലക്കകത്താണ് സുരുവിനെ കിടത്തിയതെന്നും ആ ഫോട്ടോകൾ ഉടൻ പുറത്തുവിടുമെന്നും പോലീസ് പറഞ്ഞു.

സുരുവിന്റെ രക്തം കുടിച്ച കൊതുക് മറ്റുള്ളവരുടെ ദേഹത്ത് കുത്തിയാൽ അവരിലും സുരുവിന്റെ അക്രമവാസന പടരാൻ സാധ്യതയുണ്ടെന്ന ചിരിവൈദ്യന്റെ നിർദേശപ്രകാരമാണ് കൊതുകുവലക്കകത്ത് സുരുവിനെ കിടത്തിയതെന്ന് പോലീസ് പറഞ്ഞു.